# കാസറ്റ് വിപണി: ചൂഷണത്തിന്റെ മേഖല

ഡോ. സന്തോഷ് മോഹൻ, കോലഴി

ഉപഭോക്താക്കൾ വഞ്ചിതരാകുന്ന ഒരു മേഖലയാണ് ഇന്ന് ഓഡിയോ കാസറ്റ് വിപണി. ചലച്ചിത്ര- നാടകഗാനങ്ങളോടുള്ള താൽപര്യം രക്തത്തിലലിഞ്ഞിട്ടുള്ള ഒരു സമൂഹമാണ് കേരളീയർ. മലയാളിയുടെ ഈ ഗാനപ്രേമം മൂലധനമാക്കി വിത്തിറക്കിയ ഭക്തിഗാനം - ഓണപ്പാട്ട് - പാരഡിഗാനമേഖലകളും ഇന്നു നൂറുമേനികൊയ്യുന്നു.

പക്ഷെ, സാധാരണക്കാരനായ മലയാളിയുടെ ഈ സംഗീതാഭിമുഖ്യത്തെ പരിധിവിട്ട് ചൂഷണം ചെയ്യുന്ന ഒരു മേഖലയാണ് ഇന്ന് നമ്മുടെ കാസറ്റ് വ്യവസായ മേഖല.

1995 വരെ ഏതു നല്ല കാസറ്റും ശരാശരി 25 രൂപക്ക് ലഭ്യമായിരുന്ന കേരളത്തിൽ 1995ൽ ഓഡിയോ കാസറ്റുകളുടെ നികുതി ഇരട്ടിയോളമായി വർദ്ധിപ്പിച്ചു. അതോടെ കാസറ്റുകളുടെ വില്പനവില 40-65 നിലവാരത്തിലെത്തി. പക്ഷെ, തൊട്ടടുത്ത വർഷം തന്നെ ഈ നികുതി വർദ്ധന പകുതിയാക്കി കുറച്ചു സർക്കാർ. എന്നാൽ അതനുസരിച്ച് കാസറ്റുകളുടെ വില കുറയ്ക്കാൻ കാസറ്റുകമ്പനികൾ തയ്യാറായില്ല. അന്നു മുതലാണ് കാസറ്റ് വില്പനരംഗം അമിത ചൂഷണത്തിന്റെ മേഖലയായി മാറിയത്.

ഈ അമിതലാഭം, കാസറ്റ് വ്യവസായ രംഗത്ത് അതുവരെയില്ലാത്ത ചില പ്രവണതകൾക്ക് തുടക്കമിട്ടു. കാസറ്റുകൾക്ക് പത്രപരസ്യങ്ങളും സിനിമാപരസ്യങ്ങളെ വെല്ലുന്ന പോസ്റ്ററുകളും ഒക്കെ വന്നത് അങ്ങനെയാണ്. ഇന്നിപ്പോൾ ഒരു ഇടത്തരം ബഡ്ജറ്റ് ചലച്ചിത്രത്തിനാവശ്യമായത്ര പരസ്യച്ചെലവുമായിട്ടാണ് ഒരുവിധം ഭേദപ്പെട്ട കമ്പനികളുടെയൊക്കെ കാസറ്റുകളിറങ്ങുന്നത്. ഈ ചെലവത്രയും കാസറ്റു വാങ്ങുന്നവന്റെ പോക്കറ്റിൽ നിന്നാണു പോകുന്നത്.

ഈ അമിത ലാഭം തന്നെയാണ്, 60-65 രൂപ വിലയിട്ട് ഒരു കാസറ്റ് ഇറക്കി അതിനോടൊപ്പം മറ്റൊരു കാസറ്റ് ഫ്രീ നൽകുന്ന തന്ത്രത്തിനു തുടക്കം കുറിച്ചതും. 75-80 രൂപയ്ക്ക് രണ്ട് കാസറ്റുകളും ഒരു ക്ലോക്കും, രണ്ട് കാസറ്റും ഒരു കാൽക്കുലേറ്ററും ഒക്കെ നൽകുന്ന 'അവിശ്വസനീയ ഓഫറു'കളിൽ എത്തിനിൽക്കുന്നു ഇപ്പോൾ കാസറ്റ് വിപണി.

രണ്ട് കാസറ്റും ഒരു ക്ലോക്കും ഇതിനൊക്കെയുള്ള പരസ്യപ്രചരണവും നൽകിയിട്ടും 65 രൂപയ്ക്ക് വിറ്റ് ലാഭമുണ്ടാക്കാമെങ്കിൽ, വാസ്തവത്തിൽ ഒരു കാസറ്റിന്റെ നിർമ്മാണച്ചെലവ് എത്രയാണെന്ന് മനസ്സിലാക്കുക.

ഇന്ന് വിപണിയിൽ ലഭ്യമായ ഏറ്റവും ഗുണമേന്മയുള്ള കാസറ്റിനുപോലും 15 രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവു വരുന്നില്ല.

അംഗീകൃത സംഗീത ബിസിനസ്സുകാരുടെ ഈ അമിത ചൂഷണംമൂലം വ്യാജകാസറ്റ് വിപണി ഇന്ന് ദിനംതോറും ലക്ഷങ്ങൾ നേടുന്ന ഒരു മേഖലയായി മാറിയിരിക്കുകയാണ്.

ഇന്നലെ റിലീസ് ചെയ്ത കാസറ്റ് ഇന്ന് വ്യാജവിപണിയിൽ ലഭ്യമാണ്.

എല്ലാ തെരുവോരങ്ങളിലും ഏതെടുത്താലും 20 രൂപയ്ക്ക് ലഭ്യമായ ഈ കാസറ്റുകൾ അംഗീകൃത വ്യാപാരികളുടെ കാസറ്റുകളേക്കാൾ പത്തുമടങ്ങ് കൂടുതൽ ചെലവാകുന്നുണ്ടെങ്കിൽ, അതിൽ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.

കാസറ്റ് മുതലാളിമാർ അമിതവില ഈടാക്കുന്നതിൽ നിന്നും പിന്തിരിയുന്നതുവരെ സാധാരണക്കാരൻ ഡ്യൂപ്ലിക്കേറ്റ് കാസറ്റുകളെ പ്രോത്സാഹിപ്പിച്ചുവരും.